**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4936** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷയും അസംഘടിതമേഖലകളിലെ തൊഴിൽ ചൂഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | ബച്ച്പൻ ബച്ചാവോ ആന്ദോളൻ ഫയൽ ചെയ്ത റിട്ട് പെറ്റിഷൻ (ക്രിമിനൽ) 82/2009 കേസിലെ ബഹു.ഡൽഹി ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും ഗാർഹിക തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിലേയ്ക്ക് ഒരു നിയമം പാസാക്കി നടപ്പിലാക്കണമെന്ന് ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരെയുള്ള ദുർവിനിയോഗം, ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവയിൽ നിന്നും സംരക്ഷണത്തിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുമായി കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബിൽ ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ വിശകലനം ചെയ്തു വരുന്നു. |
| (ബി) | ഇവർക്ക് മിനിമം കൂലിയും മറ്റു തൊഴിൽ പരിരക്ഷയും ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 29/12/2016 തീയതിയിലെ സ.ഉ അച്ചടി നം.202/2016/തൊഴിൽ പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഗാർഹിക തൊഴിലാളികളുടെ കൂടി ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതിയ്ക്കു രൂപം നൽകിയിട്ടുള്ളത്. |
| (സി) | ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. 29/12/2016 തീയതിയിലെ സ.ഉ അച്ചടി നം.202/2016/തൊഴിൽ പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഗാർഹിക തൊഴിലാളികളുടെ കൂടി ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതിയ്ക്കു രൂപം നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്ന അസംഘടിത മേഖലകളിലെ തൊഴിൽ ചൂഷണം, തൊഴിൽ നിയമപരിരക്ഷ ലഭ്യതയില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പ വരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ വരുത്തി, മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും, ആരോഗ്യ സംരക്ഷണവും ഉറപ്പ വരുത്തുക, തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്. 2018 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പവരുത്തേണ്ടതുമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ സ്ഥാപനത്തിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 6 (ബി) പ്രകാരം കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഇല്ലാത്ത സാഹചര്യത്തിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 1961- ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്‌ലറ്റ് സംവിധാനം, ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം സ്ഥാപനത്തിൽ നിന്നും 25 കിലോമീറ്ററിൽ കൂടുതലാണെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നൽകുന്നുണ്ടോ എന്നിവ പരിശോധനാ വേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പ് വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ